(ബി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ ?

ഉത്തരം

(എ) വേളിയിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 18 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് ആവിഷ്കരിച്ച "അർബൻ എന്റർടെയിൻമെന്റ് ആന്റ് കൊമേഴ്സ്യൽ സെന്റർ" പദ്ധതി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ((RFP) ഘട്ടത്തിൽ എത്തിയെങ്കിലും പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് പദ്ധതിഘടകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും അംഗീകാരത്തിനു സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയായിരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന RFP പ്രക്രിയ ഉപേക്ഷിച്ച് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭൂമിയോടൊപ്പം വേളി ടൂറിസം വില്ലേജ് ഉൾപ്പെടെ ആകെ ലഭ്യമായ ഏകദേശം 37 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള മറൈൻ അക്വേറിയം, സ്നോ തീം പാർക്ക് മുതലായ ആധുനിക വിനോദ സൗകര്യങ്ങളോടൊപ്പം മൾട്ടിപ്ലക്സ്, ഷോപ്പിംഗ് മാൾ, ഫുഡ്കോർട്ടുകൾ മുതലായവകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബൃഹത് ടൂറിസം പദ്ധതി സ്ഥാപിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

(ബി) മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കുന്ന വേളയിൽ പദ്ധതിയുടെ രൂപ നിർവ്വഹണത്തിന് അനുസൃതമായി ആവശ്യമെങ്കിൽ, പ്രത്യേക കമ്പനി രൂപീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ

356 (1046) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയും, ആകർഷകവുമായി നിലനിർത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് യാത്രാസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റികളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി Sewage Treatment Plant-കൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

1. കുടുംബശ്രീയുമായി സഹകരിച്ച് 14 ജില്ലകളിലേയും ഡി.റ്റി.പി.സി.-കൾ മുഖാന്തിരം സംസ്ഥാനതലത്തിൽ "Clean Destination Campaign" നടപ്പിലാക്കി വരുന്നു.
2. Tourist Destination ആയ കുമ്പളങ്ങിയിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി കുമ്പളങ്ങി ഗ്രാമപഞ്ചായത്താണ് ശുചിത്വ പരിപാടികൾക്ക് നേതൃത്വം നൽകുന്നത്.
3. വർക്കലയിൽ Garbage Management Programme നടപ്പിലാക്കുന്നത് വർക്കല മുനിസിപ്പാലിറ്റിയാണ്.
4. കോവളം ടൂറിസം മേഖലയിൽ ശുചിത്വ പരിപാടികൾക്ക് Thiruvananthapuram Corporation മുഖാന്തരം Eco-Preserve എന്ന N.G.O.-യാണ് നേതൃത്വം നൽകുന്നത്.

(സി) ടൂറിസം വകുപ്പിൽ റോഡുകൾ നന്നാക്കാൻ പ്രത്യേകം പദ്ധതി വിഹിതം ഇല്ല. ആയതിനാൽ പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. മുതലായ വകുപ്പുകളുമായി സഹകരിച്ചും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ടൂറിസം ഫണ്ട് കൊടുത്തും വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്തു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly